# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : ശ്രീമതി റ്റി.വി.അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, സംയോജിത ശിശു സംരക്ഷണ പദ്ധതി - എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് - 2020 ജൂൺ, ജൂലൈ മാസങ്ങളിലെ സൈക്കോളജിസ്റ്റിന്റെ ഹോണറേറിയം തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) 02/10/2020-ലെ G.O.(Rt) No. 520/2020/SJD നമ്പർ സർക്കാർ ഉത്തരവ്.
(2)ഈ കാര്യാലയത്തിൽ നിന്നുള്ള 01/11/2019, 03/06/2020, 05/11/2020 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ
(3) എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 21/12/2020-ലെ CHE No. 75/2020 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ : ICPS 2/4019/2019 തീയതി : 19/01/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികൾക്ക് സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിയതിലേയ്ക്കായി സൈക്കോളജിസ്റ്റിന്റെ ഹോണറേറിയം ഇനത്തിൽ 2020 ജൂൺ മാസം 17 കുട്ടികളെ പരിശോധിച്ച ഇനത്തിൽ 8,500/-രൂപയും 2020 ജൂലൈ മാസം 20 കുട്ടികളെ പരിശോധിച്ച ഇനത്തിൽ 10,000/-രൂപയും ചേർത്ത് ആകെ 18,500/-രൂപ അനുവദിക്കണമെന്ന് പരാമർശം മൂന്ന് പ്രകാരം സ്ഥാപന സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു.

പരാമർശം രണ്ട് ഉത്തരവുകൾ പ്രകാരം ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിലേയ്ക്കായി അംഗീകരിക്കപ്പെട്ട സൈക്കോളജിസ്റ്റുമാരുടെ പാനലിൽ നിന്നും ഒരാളെ നിയോഗിച്ച് സൈക്കോളജിസ്റ്റുമാരുടെ ഹോണറേറിയം ഇനത്തിൽ ഒരു സെഷന് ഒരു കുട്ടിയ്ക്ക് പരമാവധി 500/-രൂപ നിരക്കിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോമിന് ടി ഇനത്തിൽ അനുവദിച്ച 50,000/-രൂപ, 10,000/-രൂപ, 20,000/-രൂപ എന്നീ തുകകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് സ്ഥാപന സൂപ്രണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷം ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനായി 2020 ആഗസ്റ്റ് മുതൽ 2020 മാർച്ച് വരെ (8 മാസത്തേയ്ക്ക്) ആകെ 12,00,000/-രൂപ 2235-02-102-36(P)-02 എന്ന ഹെഡിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമായി. പ്രസ്തുത ഉത്തരവിൽ 2020 ജൂൺ, ജൂലൈ മാസങ്ങളിലെ ഹോണറേറിയം തുക

PTO

ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഐ.സി.പി.എസ് ഗൈഡ്ലൈൻ പ്രകാരം സ്ഥാപനത്തിൽ നിയോഗിക്കുന്ന പാരാമെഡിക്കൽ സ്റ്റാഫിന്റെ ഹോണറേറിയം ഇനത്തിൽ വകയിരുത്തിയിട്ടുള്ള 1,08,000/-രൂപയിൽ നിന്നും പ്രസ്തുത തുക അനുവദിക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിൽ നടപ്പു സാമ്പത്തിക വർഷം 2020 ജൂൺ, ജൂലൈ മാസങ്ങളിലെ സൈക്കോളജിസ്റ്റ് ഹോണറേറിയം തുകയായ 18,500/-രൂപ (പതിനെട്ടായിരത്തി അഞ്ചൂറു രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (18,500/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-ൽ നിന്നും എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന് അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് ടി തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
എറണാകുളം

<u>പകർപ്പ്</u>

1) സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്
കാക്കനാട്, എറണാകുളം
2) സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
(അലോട്ട്മെന്റ് നൽകുന്നതിനു വേണ്ടി)
3) ഐ.സി.പി.എസ്-4
(എക്സ്പെൻഡിച്ചർ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4) സ്റ്റോക്ക് ഫയൽ
5) സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT